പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*140 | 01-11-2019-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ നടപ്പിലാക്കിയ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കമോ; | (എ) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീട രോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/ വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്.<br>പഞ്ചായത്ത് തലത്തിൽ കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷ ഫോറത്തിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കൃഷി ഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസത്തിന് ശേഷം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തണം. |
| (ബി) | ഏതൊക്കെ വിളകളാണ് വിള ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ വരുന്നതെന്ന് അറിയിക്കുമോ; | (ബി) | തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കതിരവാലി) തുടങ്ങിയ വിളകളാണ് വിള ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ വരുന്നത്. |
| (സി) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള നിബന്ധനകളും പ്രീമിയം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ; | (സി) | കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. ഓരോ വിളകളും ഇൻഷ്വർ ചെയ്യേണ്ടുന്ന പ്രീമിയം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം എ, ബി -യിലുമായി കണ്ടാലും. |
| (ഡി) | പ്രകൃതിക്ഷോഭം മൂലം വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശനഷ്ടത്തിനാണോ നഷ്ടപരിഹാരം നല്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50% ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-എ

| നം. | വിളകൾ | ഇൻഷർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം /വിസ്തീർണ്ണം | വിള ഇൻഷർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് ₹2 1 വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് ₹ 5 | തെങ്ങൊന്നിന് ₹ 2000 |
| 2 | കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 1.50. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് ₹ 3 | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 3 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ഒരു മരത്തിന് ₹ 1000 |
| 4 | കശുമാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ₹ 7.50 | ഒരു മരത്തിന് ₹ 750 |
| 5 | വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് ₹ 3 | (എ) കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി) കുലയ്ക്കാത്തതിന് ₹ 50<br>(എ) കുലച്ചതിന് ₹ 300<br>(ബി) കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |
| 6 | മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടർ ഒന്നിന് ₹ 10000 |

| | | | | | |
|---|---|---|---|---|---|
| 7 | കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷവും 6 മാസത്തിനകവും | 0.02 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 50000 |
| 8 | കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്ച്ചു തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| 9 | ഏലം | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് ₹ 1500.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടർ ഒന്നിന് ₹ 60000 |
| 10 | ഇഞ്ചി | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 80000 |
| 11 | മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 60000 |
| 12 | കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക് 1 വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 350 |
| 13 | തേയില | 1 ഹെക്ടർ | ഇലഎടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടർ ഒന്നിന് 1 വർഷത്തേയ്ക്ക് ₹ 1500<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ഹെക്ടർ ഒന്നിന് ₹ 70000. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| 14 | കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | ₹ 1.50 1 മരത്തിന് 1 വർഷത്തേയ്ക്ക്.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 300 |
| 15 | നിലക്കടല | 0.1 ഹെക്ടർ | നട്ട് കഴിഞ്ഞ് 1 മാസത്തിനുശേഷം 2 മാസത്തിനു മുമ്പ് | 0.1 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12000 |

| | | | | | |
|---|---|---|---|---|---|
| 16 | എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 0.01 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12500 |
| 17 | പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 10 സെന്റിന് ₹ 10 | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25000 പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| 18 | ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 3,000 ഒരു മരത്തിന് |
| 19 | ഗ്രാമ്പൂ | 5 എണ്ണം | കായ്ഫലമുള്ളത് | 1 വർഷത്തേയ്ക്ക് 1 മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 1,000 ഒരു മരത്തിന് |
| 20 | വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | 1 വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50 | സെന്റൊന്നിന് ₹ 1,000 |
| 21 | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് $1\frac{1}{2}$ മാസം വരെ | 0.10 ഹെക്ടറിന് ₹ 19 | ഹെക്ടറിന് ₹ 10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | ₹ 7.50 ചേന. ₹ 4.50 മധുരക്കിഴങ്ങ് | ചേന ഹെക്ടറിന് ₹ 35,000 മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15000 |
| 23 | കരിമ്പ് | 0.10 ഹെക്ടർ | നട്ട് 1 മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടറിന് ₹ 90 | ഹെക്ടറൊന്നിന് ₹ 50,000 |
| 24 | പുകയില | 0.02 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടറൊന്നിന് ₹ 20,000 |
| 25 | നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് ₹ 25 | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ |

| | | | | | |
|---|---|---|---|---|---|
| | | | | | നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| 26 | ചെറുധാന്യങ്ങൾ (കുവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | 0.1 ഹെക്ടർ (25 സെന്റ്) | വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.1 ഹെക്ടറിന് ₹ 25 | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| 27 | മാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | 1 മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 10; 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 25 | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 1000. 10 വർഷത്തിനുമേൽ പ്രായമുള്ളതിന് - 1 മരത്തിന് ₹ 2000 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - ബി

ദീർഘകാല വിളകൾക്ക് നട്ടന്നതു മുതൽ കായ്ച്ചു തുടങ്ങുന്നതുവരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം

| നം. | വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തെങ്ങ് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | ഒരെണ്ണത്തിന് 1 വർഷത്തേയ്ക്ക് ₹1. 3 വർഷത്തേയ്ക്ക് ഒരുമിച്ചടച്ചാൽ ₹ 2 | ആദ്യത്തെ 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 200. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 400 |
| 2 | കമുക് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 6 വർഷം വരെ | 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 50. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 80 |
| 3 | റബ്ബർ | 25 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | 3 വർഷത്തേയ്ക്ക് ഒരെണ്ണത്തിന് ₹ 1.50 വീതം | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 200. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 600 |
| 4 | കശുമാവ് | 5 എണ്ണം | നട്ട് ഒരു മാസം മുതൽ 3 വർഷം വരെ | 3 വർഷത്തേയ്ക്ക് 5 എണ്ണത്തിന് ₹ 4.50 | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 100 |
| 5 | കുരുമുളക് | 15 താങ്ങുമരങ്ങളിലുള്ളവ | നട്ട് ഒരു മാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരങ്ങളിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 7.50. 3 വർഷം ഒന്നിച്ചടച്ചാൽ ₹ 15 | ആദ്യത്തെ 2 വർഷം ഒരു താങ്ങുമരത്തിനുള്ളതിന് ₹ 50. 2 വർഷം മുതൽ 4 വർഷം വരെ ₹ 100 |
| 6 | മാവ് | 5 ഗ്രാഫ്റ്റുകൾ | നട്ട് ഒരു മാസം മുതൽ കായ്ഫലം തുടങ്ങുന്നതു വരെ | 1 എണ്ണത്തിന് ഒരു വർഷത്തേയ്ക്ക് ₹ 2 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 5 | 1 എണ്ണത്തിന് ₹ 200 |

സെക്ഷൻ ഓഫീസർ